ENTRI

1 Crore User Downloads

# CURRENT AFFAIRS 26 DEC 2024

## 2024 ഡിസംബറിൽ അന്തരിച്ച മലയാളത്തിന്റെ പ്രശസ്ത സാഹിത്യകാരൻ

**എം.ടി. വാസുദേവൻ നായർ**

- 1933 ജൂലായ് 15-ന് പൊന്നാനി താലൂക്കിലെ കൂടല്ലൂരിലായിരുന്നു എം.ടിയുടെ ജനനം.
- 1958-ൽ പ്രസിദ്ധീകരിച്ച 'നാലുകെട്ട്' ആണ് ആദ്യം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ. ഈ കൃതി 1959-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി.
- കാലം, അസുരവിത്ത്, വിലാപയാത്ര, മഞ്ഞ്, എൻ.പി. മുഹമ്മദുമായി ചേർന്നെഴുതിയ അറബിപ്പൊന്ന്, രണ്ടാമൂഴം, വാരാണസി തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന നോവലുകൾ.
- സ്വന്തം കൃതിയായ 'മുറപ്പെണ്ണി'ന് തിരക്കഥയെഴുതിയാണ് ചലച്ചിത്രലോകത്ത് പ്രവേശിക്കുന്നത്. നിർമ്മാല്യം(1973), ബന്ധനം(1978), മഞ്ഞ്(1982), വാരിക്കുഴി(1982), കടവ്(1991), ഒരു ചെറുപുഞ്ചിരി(2000) എന്നീ ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തു.
- എം.ടി. ആദ്യമായി സംവിധാനം ചെയ്ത ചിത്രമായ 'നിർമ്മാല്യം' 1973-ലെ ഏറ്റവും നല്ല ചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടി.
- സാഹിത്യരംഗത്ത് ഭാരതത്തിൽ നൽകപ്പെടുന്ന ഏറ്റവും ഉയർന്ന പുരസ്കാരമായ ജ്ഞാനപീഠം 1995-ൽ ലഭിച്ചു.
- 2005-ൽ രാജ്യം എം.ടി.യെ പത്മഭൂഷൺ നൽകി ആദരിച്ചു.
- 2022-ൽ കേരള സർക്കാർ കേരള ജ്യോതി നൽകി ആദരിച്ചു.



എം.ടി. വാസുദേവൻ നായർ







---

## 2024 ഡിസംബറിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷനായി നിയമിതനായത്

**ജസ്റ്റിസ് വി. രാമസുബ്രഹ്മണ്യൻ**

- തമിഴ്നാട്ടിൽ നിന്നുള്ള സുപ്രീം കോടതി മുൻ ജഡ്ജിയാണ് രാമസുബ്രഹ്മണ്യൻ.



ജസ്റ്റിസ് വി. രാമസുബ്രഹ്മണ്യൻ

---

## ലോകം ചുറ്റാൻ പുറപ്പെട്ട ഇന്ത്യൻ നാവികസേനയുടെ വനിത യാത്ര സംഘത്തിന്റെ കപ്പൽ

**ഐഎൻഎസ്‌വി തരിണി**

- വനിതാ ശാക്തീകരണം ലക്ഷ്യമിട്ടിട്ടുള്ള സാഗർ പരിക്രമണ 2 പദ്ധതിയുടെ ഭാഗമായാണ് യാത്ര.
- ലെഫ്:കമാൻഡർ രൂപ മലയാളിയായ ലെഫ്:കമാൻഡർ ദിൽന എന്നിവരാണ് കപ്പലിലെ യാത്രികർ.

